**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2863** **13-10-2021 - ൽ മറുപടിയ്ക്ക്**

**ജലസേചന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസേചന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് കുറ്റമറ്റതും കൃത്യമായതുമായ സീനിയോറിറ്റിലിസ്റ്റ് നിലവിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | 2015-ൽ നിലവിൽ വന്ന സീനിയോറിറ്റി ലിസ്റ്റിൽ വകുപ്പ് മാറിപ്പോയവരും റിട്ടയർ ആയവരും മരണപ്പെട്ടു പോയവരും ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | ന്യൂനതകൾ പരിഹരിച്ച് സമയബന്ധിതമായി പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; | (സി) | 31/03/2013 വരെ ജലസേചന വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരെ ഉൾപ്പെടുത്തിയാണ് 17/08/2015-ൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയത്. പ്രസ്തുത ലിസ്റ്റ് ഇപ്പോൾ പരിശോധിക്കുമ്പോൾ വകുപ്പ് മാറിപ്പോയവരും, റിട്ടയർ ചെയ്തവരും, മരണപ്പെട്ടുപോയവരും ഉണ്ടെങ്കിലും പ്രസ്തുത ലിസ്റ്റിൽ നിന്നും സ്ഥാനക്കയറ്റ ഉത്തരവ് പരിഗണിക്കുമ്പോൾ ഇവരെ ഒഴിവാക്കി നിലവിൽ ജലസേചനവകുപ്പിലുള്ള ജീവനക്കാരെ മാത്രം ഉൾപ്പെടുത്തിയാണ് സ്ഥാനക്കയറ്റ ഉത്തരവ് തയ്യാറാക്കുന്നത്. ആയതിനാൽ ചീഫ് എഞ്ചിനീയർ(ഐ&എ) പുറപ്പെടുവിച്ച 17/08/2015ലെ ഐ.സി.5-16895/2014 നമ്പർ സീനിയോറിറ്റി ലിസ്റ്റിൽ ന്യൂനത ഉള്ളതായി കണക്കാക്കാൻ കഴിയില്ല. |
| (ഡി) | ജലസേചന വകുപ്പിൽ 1992 മുതൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് റേഷ്യോ പ്രമോഷൻ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് സർക്കാരിന് പരാതി എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (ഐ&എ)യ്ക്ക് നിവേദനം ലഭിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിൽ ഇത് സംബന്ധിച്ച് യാതൊരു പരാതിയും ലഭിച്ചിട്ടില്ല. |
| (ഇ) | ഉണ്ടെങ്കിൽ അതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഇ) | റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതുൾപ്പെടെയുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ